**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3185** **13-07-2022 - ൽ മറുപടിയ്ക്ക്**

**കടുത്തുരുത്തി മണ്ഡലത്തിലെ സ്കൂൾ കെട്ടിടങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. മോൻസ് ജോസഫ്** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | കടുത്തുരുത്തി മണ്ഡലത്തിലെ, പ്രളയത്തിൽ തകർന്ന് അപകടാവസ്ഥയിലായ പെരുവ വി.എച്ച്.എസ്.എസ്, മുളക്കുളം ഗവ. യു.പി. സ്കൂൾ എന്നിവയ്ക്ക് പുതുതായി കെട്ടിടം നിർമ്മിക്കുന്നതിന് ഫണ്ട് അനുവദിക്കണം എന്നാവശ്യപ്പെട്ട് ഫയൽ നമ്പർ ഇ.5695211 പ്രകാരം സമർപ്പിച്ചിരുന്ന നിവേദനത്തിൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ; | (എ) | **പ്രസ്തുത നിവേദനത്തിന്മേൽ അന്വേഷണം നടത്തി റിപ്പോർട്ട് ചെയ്യുവാനും, സ്കൂളുകൾക്ക് പുതിയ കെട്ടിടം ആവശ്യമാണെങ്കിൽ ഭരണാനുമതിക്കുള്ള പ്രൊപ്പോസൽ ലഭ്യമാക്കുന്നതിന് നടപടി സ്വീകരിക്കുവാനും നിർദ്ദേശം നൽകിയിട്ടുണ്ട്.** |
| (ബി) | പ്രസ്തുത സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം സംബന്ധിച്ച് പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്ത് നടപടി സ്വീകരിച്ചു എന്നറിയിക്കാമോ; | (ബി) | **പ്രസ്തുത സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണത്തിന് പ്രൊപ്പോസൽ തയ്യാറാക്കി നൽകുവാൻ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.** |
| (സി) | പൊതുവിദ്യാഭ്യാസ ഡയറക്ടർ ഇതു സംബന്ധിച്ച് അന്വേഷണം നടത്തി റിപ്പോർട്ട് നൽകിയിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ; | (സി) | നിവേദനത്തിലെ വിഷയം അന്വേഷിച്ച് റിപ്പോർട്ട് നൽകുവാൻ കോട്ടയം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | പ്രസ്തുത സ്കൂളുകളുടെ കെട്ടിട നിർമ്മാണം സംബന്ധിച്ച് മുൻപ് എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ അടിയന്തരമായി എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിന് സമർപ്പിക്കാൻ നടപടി സ്വീകരിക്കുമോ? | (ഡി) | പ്രസ്തുത സ്കൂളുകളുടെ കെട്ടിട നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനായി പ്രൊപ്പോസൽ തയ്യാറാക്കി നൽകുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ